?07/2018/LSGD(OS)

P.S.

From

എം. ജയചന്ദ്രൻ
കുട്ടൻതാഴത്തു വീട്
ടി.സി. 10/1538
വട്ടിയൂർക്കാവ് ബിവറേജ് ഷോപ്പിനു സമീപം
വട്ടിയൂർക്കാവ് പി.ഒ.
തിരുവനന്തപുരം-695 013.

To

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം.

COURT FEE INDIA TEN RUPEES

LOCAL SELF GOVERNMENT (OS) 03 OCT 2018 THIRUVANANTHAPURAM-1

സർ,

വിഷയം : വിവരാവകാശ നിയമം - 2005 പ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

വിവരാവകാശ നിയമപ്രകാരം താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

1) തിരുവനന്തപുരം ജില്ലയിൽ മലയിൻകീഴ് ഗ്രാമ പഞ്ചായത്തിൽ 3 സെന്റിനു താഴെ സ്വന്തമായി സ്ഥലമുള്ള ഒരാളാണ് ഞാൻ. വീടിനു ചുറ്റും എന്റെ അതിര് മതിൽ കെട്ടുമ്പോൾ തൊട്ടടുത്ത വസ്തുവിന്റെ ഉടമ പറഞ്ഞത് തനിക്ക് മതിൽ കെട്ടേണ്ട ആവശ്യം ഇല്ല എന്നും, നിങ്ങൾക്ക് വേണമെങ്കിൽ നിങ്ങളുടെ സ്ഥലത്തു നിന്നും പൂർണ്ണമായും സ്ഥലമെടുത്ത് മതിൽ കെട്ടാമെന്നും, അതിനുള്ള ചെലവ് മുഴുവനും നിങ്ങൾ തന്നെ വഹിക്കണമെന്നും, ഞാൻ അതിന്റെ ചെലവ് തരാൻ തയ്യാറല്ല എന്നുമായിരുന്നു. അതു പ്രകാരം ഞാൻ തന്നെ പണം മുടക്കി കാമ്പൗണ്ട് വാൾ കെട്ടി. നിലവിലെ സാഹചര്യം ഇതാണ്. ഈ മതിലിനു പുറത്ത് എന്റെ വീടിന്റെ സുരക്ഷയെ കരുതി മതിലിന്റെ പുറത്ത് ഇരുമ്പ് ആണി വച്ചു. ഈ ഇരുമ്പ് ആണി മാറ്റണമെന്നാണ് അയൽവാസി പറയുന്നത്. അയൽവാസി പഞ്ചായത്തിൽ പരാതിപ്പെട്ടാൽ ഞാൻ ആണി മാറ്റികൊടുക്കാൻ ബാധ്യസ്ഥനാണോ?

2) 3 സെന്റിനു താഴെ പഞ്ചായത്തിൽ സ്ഥലമുള്ള ഞാൻ നിർമ്മാണ സാമഗ്രികൾ ഇടാൻ ഒരു മുറിയുടെ രൂപത്തിൽ ഒരെണ്ണം കെട്ടി. ഇതു എന്റെ വർക്ക് ഏര്യായിൽ ആണ് കെട്ടിയത്. 2 ചുവരും എന്റെ മാത്രം ഉടമസ്ഥാവകാശമുള്ള മതിലും ഒന്ന് എന്റെ വീടിന്റെ ചുമരുമാണ്. നാലാമത്തേത് എന്നു പറയുന്നത് എന്റെ ഉടമസ്ഥതയിൽ മാത്രമുള്ള മതിലിന്റെ ചുമരും എന്റെ വീടിന്റെ ചുമരും മാത്രം ബന്ധിപ്പിച്ചാണ്. കെട്ട് പൂശിയിട്ടില്ല. മേൽക്കൂരയും ഇല്ല. അടുത്ത വസ്തുക്കാരൻ മുറി ഇടിച്ചു കൊടുക്കണം എന്ന്

പറഞ്ഞ് പഞ്ചായത്തിൽ പരാതിപ്പെട്ടു. ഞാൻ ബന്ധിപ്പിച്ച മതിൽ ഇടിച്ചു മാറ്റാൻ ബാധ്യസ്ഥനാണോ?

3) എന്റെ മതിലിനു ചേർന്ന് പരാതിക്കാരന്റെ നിരവധി മരങ്ങൾ എന്റെ കെട്ടിടത്തിന് പുറത്തു കൂടി കിടപ്പുണ്ട്. എന്റെ മതിലിൽ നിന്ന് എത്ര അകലത്തിലുള്ള മരങ്ങൾ വരെ മുറിച്ചു മാറ്റാൻ എനിക്ക് പഞ്ചായത്തിൽ പരാതിപ്പെടാം?

4) എന്റെ 3 സെന്റിനു താഴെ സ്ഥലമുള്ള വസ്തുവിൽ ഒരു സെപ്റ്റിക് ടാങ്ക് വർക്ക് ഏര്യായ്ക്ക് താഴെ കുഴിച്ച് സ്ലാബ് ഇക്ക് മൂടി സിമന്റ് കൊണ്ട് പൂശി. എന്റെ സെപ്റ്റിക് ടാങ്കിനു അടുത്തൊന്നും അയൽവാസിയുടെ കിണറോ മറ്റോ ഒന്നും തന്നെ ഇല്ല. എന്നു തന്നെയല്ല എന്റെ വീട് പരാതിക്കാരന്റെ വീടും തമ്മിൽ 40 മീറ്ററിനു മേൽ അകലവുമുണ്ട്. സെപ്റ്റിക് ടാങ്കും അയൽവാസിയുടെ കിണറും തമ്മിൽ എത്ര അകലം വേണം? 3 സെന്റിനു താഴെ സ്ഥലമുള്ള എനിക്ക് നിയമ പരിരക്ഷയുണ്ടോ?

5) എന്റെ വസ്തുവിൽ നിന്ന് മാത്രമെടുത്ത് കെട്ടിയ മതിൽ സുരക്ഷയെ കരുതി എനിക്ക് കെട്ടിപ്പൊക്കാൻ പഞ്ചായത്തിന്റേയോ അയൽ വസ്തുക്കാരന്റെയോ അനുവാദം വേണമോ?

6) തണ്ട പ്രമാണത്തിൽ 10 സെന്റിനു പുറത്തു ഉണ്ടന്ന് പറഞ്ഞിരിക്കുകയും എന്നാൽ ഇപ്പോൾ വീതം വയ്ക്കാൻ അളന്നപ്പോൾ 9 സെന്റ് സ്ഥലം പോലും ഇല്ലാത്ത അവസ്ഥയാണ് ഉള്ളത്. കഴിഞ്ഞ 40 വർഷം 10 സെന്റിനു പുറത്തുള്ള സ്ഥലത്തിന് മലയിൻകീഴ് വില്ലേജാഫീസിൽ കരം അടച്ചിട്ടുള്ളതും അവർ സ്വീകരിച്ച് രസീതു തന്നിട്ടുള്ളതുമാകുന്നു. എന്റെ വീടിന്റെ ചുറ്റും ഒരാളുടെ വസ്തുവും ഒരു ഭാഗം സർക്കാർ റോഡുമാണ്. എന്റെ നഷ്ടപ്പെട്ട ഭാഗം അയൽവാസിയുടെ വസ്തുവിൽ ഉണ്ടെന്നാണ് എന്റെ നിഗമനം. അത് തിരിച്ചു കിട്ടാൻ ഞാൻ ആരെയാണ് സമീപിക്കേണ്ടത്?

ദയവായി വിവരങ്ങൾ അയച്ചുതരണമെന്നും അതോടൊപ്പം അപ്പീൽ അതോറിറ്റിയുടെ മേൽവിലാസം കൂടി അയച്ചു തരുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

[signature]

എം ജയചന്ദ്രൻ

തിരുവനന്തപുരം
തീയതി: 29-9-2018

9965/18
22/10/18

# കേരള സർക്കാർ

നമ്പർ.ആർ.ഡി3/ 385/ 2018/ തസ്വഭവ.

തദ്ദേശസ്വയം ഭരണ (ആർ.ഡി) വകുപ്പ്,
തിരുവനന്തപുരം, തീയതി. 12/ 10/ 2018

അണ്ടർ സെക്രട്ടറി & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ എം. ജയചന്ദ്രൻ,
കുട്ടൻതാഴത്ത് വീട് , ടി.സി. 10/ 1538,
വട്ടിയൂർക്കാവ് ബിവറേജസ് ഷോപ്പിന് സമീപം,
വട്ടിയൂർക്കാവ് പി.ഒ, തിരുവനന്തപുരം-695013

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ - സംബന്ധിച്ച്

സൂചന:- താങ്കളുടെ 29/ 09/ 2018 തീയതിയിലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിശദീകരണങ്ങൾ ആവശ്യപ്പെടുക, സംശയ നിവൃത്തി വരുത്തുക, വ്യാഖ്യാനങ്ങൾ, പരാതികൾക്ക് പരിഹാരം തേടുക എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല.താങ്കളുടെ അപേക്ഷയിൻമേൽ വിവരങ്ങൾ നൽകാനുണ്ടെങ്കിൽ ക്രമ നമ്പർ 1,2,4,5 ചോദ്യങ്ങൾക്കുള്ള മറുപടി നൽകുവാൻ മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും ക്രമനമ്പർ 3-ാം ചോദ്യത്തിന് തദ്ദേശസ്വയം . ഭരണ (ആർ.എ) വകിപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും ക്രമനമ്പർ 6-ാം ചോദ്യത്തിന് മറുപടി നൽകുവാൻ റവന്യൂവകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു

അപ്പലേറ്റ് അതോറിറ്റി: മുഹമ്മദ് റിയാസ്, ഡെപ്യൂട്ടി സെക്രട്ടറി & അപ്പലേറ്റ് അതോറിറ്റി, തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പ്, സെക്രട്ടറിയറ്റ് അനക്സ്, തിരുവനന്തപുരം

വിശ്വസ്തതയോടെ

മദീന ബീഗം.എ
അണ്ടർ സെക്രട്ടറി & സ്റ്റേറ്റ്പബ്ലിക്ഇൻഫർമേഷൻ ഓഫീസർ

പകർപ്പ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം,
തിരുവനന്തപുരം

സൂചന (1) അപേക്ഷയുടെ പകർപ്പ് സഹിതം- വിവരങ്ങൾ എന്തെങ്കിലും നൽകാനുണ്ടെങ്കിൽ അവ അപേക്ഷകന് നേരിട്ട് നൽകുന്നതിനായി)

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,